A

# സമഗ്രശിക്ഷാ കേരളം

GI-502

## പാദവാർഷിക മൂല്യനിർണ്ണയം 2023-2024

### മലയാളം

### കേരളപാഠാവലി

ക്ലാസ് : 5

സമയം: 2 മണിക്കൂർ

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ സ്കോർ 25. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) സ്കോർ കണക്കാക്കണം. ഗ്രേഡ് നൽകണം (a/b/c/d/e).
3. ഓരോ പ്രവർത്തനത്തിന്റെയും സ്കോർ പരിഗണിച്ച് ശതമാന പട്ടിക ഉപയോഗിച്ച് (A/B/C/D/E) ഓവറോൾ ഗ്രേഡ് നൽകണം. ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.
4. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. അതിൽ ആദ്യത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരമെഴുതുക. രണ്ടു മുതൽ ആറു വരെയുള്ള പ്രവർത്തനങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം : 1 വായിക്കാം എഴുതാം**

**പഠനനേട്ടം : ഖണ്ഡിക വായിച്ച് ആശയം മനസ്സിലാക്കുന്നു.**
**യുക്തിപൂർവ്വം വിശകലനം ചെയ്ത് ഉത്തരം കണ്ടെത്തുന്നു.**

**സൂചകങ്ങൾ**

എ) ഗാന്ധിജി
ബി) ഉടുപ്പ് അലക്കുകയായിരുന്നു. (1)
സി) വേലക്കാരൻ (1)
ഡി) വിനയം (1)
ഇ) ഗാന്ധിജിയുടെ കൂടെ താമസിച്ചു കാര്യങ്ങൾ പഠിക്കാൻ (1)
(1)

**പ്രവർത്തനം : 2 പത്രവാർത്ത**

**പഠനനേട്ടം : വസ്തുനിഷ്ഠമായും ലളിതമായും സ്ഥലകാല സൂചനകൾ ഉൾപ്പെടുത്തി പത്രവാർത്ത തയ്യാറാക്കുന്നു.**

**സൂചകങ്ങൾ**

എ).

1. പരിപാടിയുടെ പരമാവധി വിവരങ്ങൾ ചേർത്ത് അവയുടെ പ്രാധാന്യം അനുസരിച്ച് ക്രമീകരിച്ച് സ്ഥലകാല സൂചനയോടെ രചന നടത്തിയിട്ടുണ്ട്.(കാതലായ ഭാഗങ്ങളിൽ തുടങ്ങി വിശദാംശങ്ങളിൽ അവസാനിക്കുന്നത്) (1)
2. വസ്തുതകളുടെ പ്രതിപാദനരീതി ലളിതവും വളച്ചുകെട്ടില്ലാത്തതും വ്യക്തവുമാണ്. (1)
3. ഉള്ളടക്കത്തിന്റെ സാരാംശവും ഊന്നലും സൂചിപ്പിക്കുന്നതും അതിലേക്ക് ശ്രദ്ധ ആകർഷിക്കുന്നതുമായ ശീർഷകം ഉണ്ട്. (1)
4. ഉചിതമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട് (1)

ബി). ബാല്യകാലസഖി (1)
(1)

**പ്രവർത്തനം : 3 ജീവചരിത്രക്കുറിപ്പ്**

**പഠനനേട്ടം : വ്യക്തിയെ തിരിച്ചറിയുന്നു. പ്രത്യേകതകൾ മനസ്സിലാക്കി, ജീവിതത്തിലെ പ്രധാന സംഭവങ്ങൾ, ഇടപെടൽ മേഖലകൾ ഉൾപ്പെടുത്തി ആകർഷകമായ ഭാഷയിൽ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു.**

**സൂചകങ്ങൾ**

1. കുഞ്ഞുണ്ണിമാഷിന്റെ ജീവിതത്തിലെ പ്രധാനസംഭവങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. (1)
2. സംഭവങ്ങൾ ക്രമാനുഗതമായി എഴുതിയിട്ടുണ്ട് (1)
3. ജനനം, മരണം എന്നിവ സൂചിപ്പിച്ചിട്ടുണ്ട് (1)
4. കുഞ്ഞുണ്ണിമാഷിന്റെ വരികൾ, ഭാഷാപ്രത്യേകതകൾ എന്നിവ എഴുതിയിട്ടുണ്ട്. (1)
5. ആകർഷകമായ ഭാഷ, ഉചിതമായ ശൈലി (1)

**പ്രവർത്തനം : 4 വിവരണം**

**പഠനനേട്ടം : വ്യത്യസ്ത അനുഭവങ്ങൾ വായിച്ച് വിവരണം തയ്യാറാക്കുന്നു.**

**സൂചകങ്ങൾ**

എ)
1. കാഴ്ചകൾ കൃത്യമായി എഴുതിയിട്ടുണ്ട്. (1)
2. കാഴ്ചകളെ അനുഭവങ്ങളാക്കി എഴുതിയിട്ടുണ്ട്. (1)
3. സന്ദർഭങ്ങൾ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. (1)
4. സംഭവങ്ങൾ ക്രമമായും പൂർണ്ണമായും അനുയോജ്യമായ ഭാഷയിൽ എഴുതിയിട്ടുണ്ട്. (1)

ബി) യൂറി ഗഗാറിൻ (1)

**പ്രവർത്തനം : 5 അഭിനന്ദന സന്ദേശം**

**പഠനനേട്ടം : നിശ്ചിത ആവശ്യങ്ങൾക്ക് അനിവാര്യമായ വിവരങ്ങൾ ഉൾപ്പെടുത്തി സന്ദേശം തയ്യാറാക്കുന്നു.**

**സൂചകങ്ങൾ**

1. മിന്നുമണിയെപ്പറ്റി മനസ്സിലാക്കിയ കാര്യങ്ങൾ വസ്തുനിഷ്ഠമായി എഴുതിയിട്ടുണ്ട്. (1)
2. സൂചനയിലെ ആശയങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടിട്ടുണ്ട് (1)
3. മിന്നുമണിയുടെ നേട്ടത്തെ അഭിനന്ദിച്ചിട്ടുണ്ട്. (1)
4. മിന്നുമണിയുടെ കളി മേഖല സൂചിപ്പിച്ചിട്ടുണ്ട് (1)
5. വാക്യഘടന,ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)

**പ്രവർത്തനം : 6 കുറിപ്പ്**

**പഠനനേട്ടം : പ്രശ്നം വിശകലനം ചെയ്ത് സ്വന്തം നിലപാട്, യുക്തി എന്നിവ ഉദാഹരണ സഹിതം ഉചിതമായ ഭാഷയിൽ എഴുതി തയ്യാറാക്കുന്നു.**

**സൂചകങ്ങൾ**

എ)
1. സൂചനയിലെ ആശയം പൂർണ്ണമായും ഉൾക്കൊള്ളിച്ചിട്ടുണ്ട്. (1)
2. അനുയോജ്യമായ ആശയം, സ്വന്തം അഭിപ്രായം ഇവ കണ്ടെത്തിയിട്ടുണ്ട്. (1)
3. ഉചിതമായ വാക്യഘടന പാലിച്ചിട്ടുണ്ട്. (1)
4. സ്കൂളിലെ പ്രവർത്തനങ്ങളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. (1)

ബി) ഉറൂബ് (1)